**മധുരമായ കുട്ടികളേ – ബാബയുടെ ഓർമ്മയിലിരുന്ന് സദാ സന്തോഷത്തോടെ കഴിയൂ, ഓർമ്മയിലിരിക്കുന്നവർ സദാ രമണീകവും മധുരവുമായിരിക്കും. സന്തോഷത്തോടെയിരുന്നുകൊണ്ട് സേവനം ചെയ്യും.**

**ചോദ്യം:–** ജ്ഞാനത്തിന്റെ ലഹരിയോടൊപ്പം തന്നെ ഏതൊരു കാര്യം തീർച്ചയായും പരിശോധിക്കണം?
**ഉത്തരം:–** ജ്ഞാനത്തിന്റെ ലഹരിയിലിരിക്കുന്നുണ്ട് എന്നാൽ പരിശോധിക്കണം എത്രത്തോളം ദേഹി അഭിമാനിയായിരിക്കുന്നുണ്ട്? ജ്ഞാനം വളരെയധികം സഹജമാണ് എന്നാൽ യോഗത്തിലാണ് മായ വിഘ്നം ഉണ്ടാക്കുന്നത്. ഗൃഹസ്ഥവ്യവഹാരത്തിലും അനാസക്തമായിരിക്കണം. മായയാകുന്ന എലി ഉള്ളിന്റെ ഉള്ളിൽ കാർന്നു തിന്നുമ്പോൾ അത് അറിയാതിരിക്കരുത്. തന്റെ നാഡി സ്വയം തന്നെ നോക്കണം എനിക്ക് ബാബയോട് സുദൃഢമായ സ്നേഹമുണ്ടോ? എത്ര സമയം ഞാൻ ഓർമ്മയിലിരിക്കുന്നുണ്ട്?

**ഗീതം:–** എന്തുകൊണ്ട് കത്തിയെരിഞ്ഞുകൂടാ ഈയാമ്പാറ്റേ.....

**ഓം ശാന്തി.** മധുര–മധുരമായ കുട്ടികൾ പാട്ടിന്റെ വരി കേട്ടു. ബാബ ഇത്രയ്ക്കും അത്ഭുതം കാണിക്കുമ്പോൾ, നിങ്ങളെ ഇത്രയ്ക്കും സുന്ദരമാക്കി മാറ്റുമ്പോൾ എന്തുകൊണ്ട് ശ്യാമിൽ നിന്നും സുന്ദരമാക്കി മാറ്റുന്ന ആ ബാബയുടേതായി മാറിക്കൂടാ. കുട്ടികൾക്ക് അറിയാം നമ്മൾ കറുപ്പിൽ നിന്നും വെളുത്തതായിത്തീരുകയാണ്. ഒരാളുടെ മാത്രം കാര്യമല്ല പറയുന്നത്. മനുഷ്യർ കൃഷ്ണനെ ശ്യാമസുന്ദർ എന്നു പറയുന്നു. ചിത്രവും അങ്ങനെയാണ് ഉണ്ടാക്കുന്നത്. ചിലർ സുന്ദരമാണെങ്കിൽ(സതോപ്രധാനം) ചിലർ ശ്യാമാണ്(തമോ). മനുഷ്യർക്ക് ഇത് എങ്ങനെയാണെന്നത് മനസ്സിലാക്കാൻ സാധിക്കില്ല. സത്യയുഗത്തിലെ രാജകുമാരനായ ശ്രീകൃഷ്ണന് ഒരിക്കലും തമോപ്രധാനമായിത്തീരാൻ സാധിക്കില്ല. കൃഷ്ണനെക്കുറിച്ച് എല്ലാവരും പറയുന്നു കൃഷ്ണനെപ്പോലുള്ള പതിയെ വേണം കുട്ടിയെവേണമെന്ന്. പിന്നീട് അവർക്കെങ്ങനെ ശ്യാമനായിത്തീരാൻ സാധിക്കും. ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. കൃഷ്ണനെ എന്തുകൊണ്ട് കറുത്തതാക്കി മാറ്റി, കാരണം വേണമല്ലോ? സർപ്പം കൊത്തി എന്നെല്ലാം പറയുന്നുണ്ട് പക്ഷേ അങ്ങനെയുള്ള കാര്യമൊന്നും തന്നെയില്ല. ശാസ്ത്രങ്ങളിൽ ഇങ്ങനെയെല്ലാമുള്ള കാര്യങ്ങൾ കേട്ട് പറയുകയാണ്. വാസ്തവത്തിൽ അങ്ങനെയൊന്നും തന്നെയില്ല. ചിത്രത്തിൽ കാണിക്കുന്നുണ്ട് സർപ്പത്തിന്റെ ശയ്യയിൽ നാരായണൻ കിടക്കുന്നതായി, എന്നാൽ അങ്ങനെയുള്ള സർപ്പത്തിന്റെ ശയ്യയൊന്നും തന്നെ ഉണ്ടാകുന്നില്ല. ഇത്രയ്ക്കും ആയിരക്കണക്കിനു മുഖമുള്ള സർപ്പമുണ്ടാവുമോ? ചിത്രങ്ങൾ എങ്ങനെയെല്ലാമാണ് ഉണ്ടാക്കിയിരിക്കുന്നത്. ബാബ മനസ്സിലാക്കിത്തരുന്നു ഭക്തിമാർഗ്ഗത്തിലെ ഈ ചിത്രങ്ങളിലൊന്നും തന്നെ ഉള്ളതല്ല. എന്നാൽ ഇതും ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്. ആദ്യം മുതൽക്ക് ഇപ്പോൾ വരെയ്ക്കും എന്തെല്ലാം നാടകങ്ങളാണോ ഉണ്ടായത് അതെല്ലാം തന്നെ ആവർത്തിക്കണം. ഭക്തിയിൽ എന്തെല്ലാമാണ് എന്നുള്ളത് മനസ്സിലാക്കി തന്നതാണ്. എത്രയാണ് ചിലവാക്കുന്നത്. എങ്ങനെയെല്ലാമുള്ള ചിത്രങ്ങളാണ് ഉണ്ടാക്കുന്നത്? മുമ്പ് ഇതെല്ലാം തന്നെ കാണുമ്പോൾ ഇത്രയ്ക്ക് അത്ഭുതം തോന്നിയിരുന്നില്ല. ഇപ്പോൾ ബാബ ഇതെല്ലാം തന്നെ മനസ്സിലാക്കിത്തരുമ്പോൾ ബുദ്ധിയിലേക്ക് വരുന്നുണ്ട് ഇതെല്ലാം ഭക്തിമാർഗ്ഗത്തിലെ കാര്യങ്ങളാണെന്ന്. ഭക്തിയിൽ എന്തെല്ലാമാണോ ഉണ്ടായത് അത് വീണ്ടും സംഭവിക്കും. നിങ്ങൾക്കല്ലാതെ ഇതൊന്നും മറ്റാർക്കും തന്നെ മനസ്സിലാകില്ല. ഇതും അറിയാം ഡ്രാമയിൽ എന്തെല്ലാമാണോ ആദ്യം മുതൽക്കു തന്നെ അടങ്ങിയിട്ടുള്ളത് അതുതന്നെ സംഭവിക്കുമെന്ന്. അനേകധർമ്മങ്ങളുടെ വിനാശവും ഒരേയൊരു ധർമ്മത്തിന്റെ സ്ഥാപനയും ഉണ്ടാകുന്നു. ഇതിൽ വളരെ വലിയ നന്മയാണ് അടങ്ങിയിരിക്കുന്നത്. ഇപ്പോൾ നിങ്ങൾ പ്രാർത്ഥനകളൊന്നും തന്നെ ചെയ്യുന്നില്ല. അവർ അതെല്ലാം തന്നെ ചെയ്യുന്നത് ഭഗവാനിൽ നിന്നും ഫലം നേടുന്നതിനാണ്. ഫലം ജീവന്മുക്തിയാണ്, ഇതെല്ലാം തന്നെ മനസ്സിലാക്കിത്തന്നിട്ടുണ്ട്. ഇവിടെ പ്രജകൾ പ്രജകളുടെമേലാണ് രാജ്യം ഭരിക്കുന്നത്. ഗീതയിൽ ഭാരതവാസികളായ കൗരവരും പാണ്ഡവരും എന്തുചെയ്തു എന്നാണ് കാണിച്ചിരിക്കുന്നത്. യാദവരാണ് മിസൈലുകൾ കണ്ടുപിടിച്ചത്. അവർ തന്റെ കുലത്തെ നശിപ്പിച്ചു. ഇവരെല്ലാം തന്നെ പരസ്പരം ശത്രുക്കളാണ്. നിങ്ങൾ വാർത്തകളൊന്നും കേൾക്കുന്നില്ലല്ലോ, ആരാണോ കേൾക്കുന്നത് അവർക്ക് നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നു. ഓരോദിവസം കൂടുന്തോറും ധാരാളം പ്രശ്നങ്ങളുണ്ട്. എല്ലാവരും ക്രിസ്ത്യാനികളാണെങ്കിലും വളരെയധികം പ്രശ്നങ്ങളുണ്ട്, വീട്ടിലിരിക്കെത്തന്നെ എല്ലാവരെയും ഇല്ലാതാക്കും. നിങ്ങൾ രാജയോഗമാണ് പഠിച്ചുകൊണ്ടിരിക്കുന്നത് അതുകൊണ്ട് രാജ്യം ഭരിക്കുന്നതിനായി ഈ പഴയ ലോകത്തെ ശുദ്ധീകരിക്കണം. പിന്നീട് പുതിയലോകത്തിൽ എല്ലാം തന്നെ പുതിയതായിരിക്കും. പഞ്ചതത്വങ്ങളും സതോപ്രധാനമായിരിക്കും. സമുദ്രത്തിന് അലയടിച്ച് എല്ലാം നശിപ്പിക്കാനുള്ള ശക്തിയൊന്നുമി

ല്ല. ഇപ്പോൾ പഞ്ച തത്വങ്ങളും എത്രയാണ് നമ്മെ ബുദ്ധിമുട്ടിക്കുന്നത്. അവിടെ മുഴുവനും പ്രകൃതിയും ദാസിയായിരിക്കും അതുകൊണ്ട് ദുഃഖത്തിന്റേതായ കാര്യമൊന്നുമില്ല. ഇതും ഉണ്ടായതും ഉണ്ടാക്കപ്പെട്ടിട്ടുള്ളതുമായ ഡ്രാമയിലെ കളിയാണ്. സത്യയുഗത്തെയാണ് സ്വർഗ്ഗമെന്നു പറയുന്നത്. ക്രിസ്ത്യാനികളും പറയുമായിരുന്നു ഭാരതത്തിൽ ആദ്യമാദ്യം സ്വർഗ്ഗമായിരുന്നു എന്ന്. ഭാരതം അവിനാശി ഖണ്ഡമാണ്. കേവലം അവർക്ക് ഇത് അറിയില്ല നമ്മെ മുക്തമാക്കുന്ന ബാബ ഭാരതത്തിലാണ് വരുന്നതെന്ന്. ശിവജയന്തി ആഘോഷിക്കുന്നുണ്ടെങ്കിലും മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കികൊടുക്കാൻ സാധിക്കും ഭാരതത്തിലാണ് ശിവജയന്തി ആഘോഷിക്കുന്നതെന്ന്. അപ്പോൾ തീർച്ചയായും ശിവബാബ ഭാരതത്തിൽ തന്നെയാണ് വന്ന് സ്വർഗ്ഗത്തെ സ്ഥാപിച്ചിട്ടുണ്ടാവുക. ഇപ്പോൾ വീണ്ടും സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ആരാണോ പ്രജകളായിത്തീരുന്നവർ അവരുടെ ബുദ്ധിയിൽ ഒന്നും തന്നെയിരിക്കില്ല. രാജധാനിയിലിരിക്കുന്നവർ മനസ്സിലാക്കും നമ്മൾ ശിവബാബയുടെ മക്കളാണെന്ന്. പ്രജാപിതാവായ ബ്രഹ്മാവുമുണ്ട്. മുക്തേശ്വരനും ജ്ഞാനത്തിന്റെ സാഗരനും സ്വയം ഭഗവാനാണ്. ബ്രഹ്മാവിനെ പറയുകയില്ല. ബ്രഹ്മാവും അവരിൽ നിന്നാണ് മുക്തമായിത്തീരുന്നത്. എല്ലാവരെയും മുക്തമാക്കുന്നത് ഒരേയൊരു ബാബ തന്നെയാണ്, കാരണം എല്ലാവരും തമോപ്രധാനമാണ്. ഇങ്ങനെ ഉള്ളിൽ വിചാരസാഗരമഥനം നടക്കണം. മനുഷ്യർക്ക് പെട്ടെന്ന് മനസ്സിലാകുന്ന വിധത്തിൽ മുരളി വായിക്കണം. കുട്ടികൾ നമ്പർവൈസാണ്. ഇത് ജ്ഞാനമാണ് ഇത് ദിവസേന പഠിക്കണം. പേടിച്ച് പഠിക്കാതിരിക്കുന്നത് ശരിയല്ല. പിന്നീട് കർമ്മബന്ധനമാണെന്ന് പറയും. ആദ്യം എത്ര പേരാണ് മുക്തമായി വന്നത്, പിന്നീട് പലരും പോയി. സിന്ധിൽ ധാരാളം കുട്ടികൾ വന്നു പിന്നീട് പ്രശ്നം കാരണം എത്രപേരാണ് ശത്രുക്കളായത്. ആദ്യം അവർക്ക് ജ്ഞാനം വളരെ നല്ലതായി തോന്നിയിരുന്നു. ഇവർക്ക് ഭഗവാന്റെ വരദാനം ലഭിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കിയിരുന്നു. ഇപ്പോഴും ഇങ്ങനെ മനസ്സിലാക്കുന്നുണ്ട് എന്തോ ഒരു ശക്തിയുണ്ടെന്ന്, അല്ലാതെ പരമാത്മാവ് പ്രവേശിച്ചിട്ടുണ്ടെന്ന് അറിയില്ല. ഇന്നത്തെക്കാലത്ത് തന്ത്രവിദ്യകളുടെ ശക്തി വളരെയധികം പേരിലുണ്ട്. ഗീത എടുത്ത് കേൾപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. ബാബ പറയുന്നു ഇതെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലെ പുസ്തകമാണ്. ജ്ഞാനസാഗരൻ ഞാനാണ്. എന്നെ തന്നെയാണ് ഭക്തിമാർഗ്ഗത്തിൽ എല്ലാവരും ഓർമ്മിച്ചുകൊണ്ടിരിക്കുന്നത്. ഡ്രാമാപ്ലാൻ അനുസരിച്ച് ഇതും അടങ്ങിയിട്ടുണ്ട്. സാക്ഷാത്കാരങ്ങളുമുണ്ട്. ഭക്തിമാർഗ്ഗത്തിലും എല്ലാവരെയും പ്രീതിപ്പെടുത്തണം. ജ്ഞാനം എടുക്കുന്നില്ലെങ്കിൽ അവർക്ക് ഭക്തി തന്നെയാണ് നല്ലത്, അങ്ങനെയെങ്കിലും മനുഷ്യർ ഉദ്ധരിക്കുമല്ലോ. കളവൊന്നും(മോഷണം) തന്നെ ചെയ്യില്ലല്ലോ. ഭഗവാനെ ഭജിക്കുന്നവരെ പ്രതി ഒരിക്കലും തലകീഴായ കാര്യങ്ങൾ ചെയ്യില്ല. എന്നാലും ഭക്തരാണല്ലോ. ഇന്നത്തെക്കാലത്ത് ഭക്തരാണെങ്കിലും പാപ്പരായെന്നു വരാം. ശിവബാബയുടെ കുട്ടിയായാലും പാപ്പരാവുകയില്ല എന്നില്ല. കഴിഞ്ഞുപോയ വികർമ്മം ഉണ്ടെങ്കിൽ പാപ്പരാവുക തന്നെ ചെയ്യും. ജ്ഞാനത്തിലേക്കു വരുന്നവരും ഇങ്ങനെ കഷ്ടപ്പെടുന്നുണ്ട്, ഇതിൽ ജ്ഞാനവുമായി യാതൊരു ബന്ധവുമില്ല.

നിങ്ങൾ കുട്ടികൾ ഇപ്പോൾ സേവനത്തിൽ മുഴുകിയിരിക്കുകയാണ്. നമുക്ക് സർവ്വതും അങ്ങോട്ട്(സത്യയുഗത്തിലേക്ക്) ട്രാൻസ്ഫർ(കടത്തണം) ചെയ്യണം. തന്റെ എല്ലാ സാമഗ്രികളും ട്രാൻസ്ഫർ ചെയ്യണം. ബാബയ്ക്ക് ആരംഭത്തിൽ വളരെയധികം ലഹരി തോന്നിയിരുന്നു. അവിടെ നിന്നും വന്നപ്പോൾ ഒരു പാട്ട് എഴുതിയിരുന്നു, അള്ളാഹുവും സമ്പത്തും ലഭിച്ചു.... ശ്രീകൃഷ്ണന്റെയും ചതുർഭുജധാരിയുടെയും സാക്ഷാത്കാരം ലഭിച്ചപ്പോൾ മനസ്സിലാക്കി ഞാൻ ദ്വാരകയിലെ ചക്രവർത്തിയായിത്തീരുമെന്ന്. അത്രയ്ക്കും ലഹരി വർദ്ധിച്ചിരുന്നു. ഇപ്പോൾ ഈ വിനാശി സമ്പത്ത് എന്ത് ചെയ്യാനാണ്? അപ്പോൾ നിങ്ങൾ കുട്ടികൾക്കും സന്തോഷം ഉണ്ടായിരിക്കണം. നമുക്ക് ബാബ സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവി നൽകുകയാണ്. പക്ഷേ കുട്ടികൾ ഇത്രയ്ക്കും പുരുഷാർത്ഥം ചെയ്യുന്നില്ല. മുന്നോട്ടു പോകുന്തോറും വീണുപോകുന്നു. നല്ലനല്ല കുട്ടികൾ, ബാബയ്ക്കുകൂടി സ്വീകരണം നൽകുന്നവർ ബാബയെ ഓർമ്മിക്കുക പോലും ചെയ്യുന്നില്ല. ബാബയ്ക്ക് എഴുത്ത് വരണം ബാബാ ഞങ്ങൾ വളരെയധികം സന്തുഷ്ടമാണ്. താങ്കളുടെ ഓർമ്മയുടെ ലഹരിയിലാണ് ഇരിക്കുന്നത്. വളരെപേർ ബാബയെ ഓർമ്മിക്കുന്നതു പോലുമില്ല. ഓർമ്മയുടെ യാത്രയിലൂടെ മാത്രമേ സന്തോഷം ശക്തമായി വർദ്ധിക്കൂ. ജ്ഞാനത്തിൽ എത്ര തന്നെ ലഹരിയിലിരുന്നാലും എത്ര ദേഹാഭിമാനമാണ്. ദേഹിഅഭിമാനി അവസ്ഥ എത്രത്തോളമുണ്ട്? ജ്ഞാനം വളരെയധികം എളുപ്പമാണ്. യോഗത്തിലാണ് മായ വിഘ്നമുണ്ടാക്കുന്നത്. ഗൃഹസ്ഥ വ്യവഹാരത്തിലും അനാസക്തമായിരിക്കണം. ഒരിക്കലും മായയുടെ പിടിയിൽ അകപ്പെടരുത്. മായ എലിയെപ്പോലെയാണ് കടിച്ചുമുറിക്കുക. എലി കടിച്ചു മുറിക്കുമ്പോൾ രക്തം വന്നാലും നമ്മൾ അറിയില്ല. കുട്ടികൾക്ക് അറിയുന്നില്ല ദേഹാഭിമാനത്തിലേക്കു വരുന്നതിലൂടെ എത്ര ബുദ്ധിമുട്ടാണ് സംഭവിക്കുന്നതെന്ന്. ഉയർന്ന പദവി നേടാൻ സാധിക്കില്ല. ബാബയിൽ നിന്നും പൂർണ്ണ സമ്പത്ത് നേടണം. മമ്മാ ബാബയെപ്പോലെ നമുക്കും സിംഹാസനധാരിയായിത്തീരണം. ബാബ ഹൃദയം നേടുന്ന ആളാണ്. ദിൽവാഡാ ക്ഷേത്രവും അതിന്റെ ഓർമ്മ

ചിഹ്നമാണ്. ഉള്ളിൽ ആനയ്ക്കു മുകളിലായി മഹാരഥിയാണ് ഇരിക്കുന്നത്. നിങ്ങളിലും മഹാരഥികളും കുതിരസവാരിക്കാരും കാലാൾപടയുമുണ്ട്. ഓരോരുത്തർക്കും തന്റെ നാഡി നോക്കണം. ബാബ എന്തിനാണ് നോക്കുന്നത്, നിങ്ങൾ തന്നെ സ്വയത്തിൽ നോക്കൂ, ഞങ്ങൾ ബാബയെ ഓർമ്മിക്കുന്നുണ്ടോ ബാബയ്ക്കു സമാനം സേവനം ചെയ്യുന്നുണ്ടോ എന്ന്? നമ്മുടെ യോഗം ബാബയോടൊപ്പമാണ്! രാത്രിയിൽ ഉണർന്നെഴുന്നേറ്റ് ബാബയെ ഓർമ്മിക്കുന്നുണ്ടോ? ഞാൻ വളരെ പേരുടെ സേവനം ചെയ്യുന്നുണ്ടോ? ചാർട്ട് വെക്കണം ഞാൻ ബാബയെ ഉള്ളുകൊണ്ട് എത്രത്തോളം ഓർമ്മിക്കുന്നുണ്ടെന്ന്? ചിലർ ഞാൻ നിരന്തരം ബാബയെ ഓർമ്മിക്കുന്നുണ്ടെന്നു പറഞ്ഞാൽ അത് ഒരിക്കലും സാധിക്കില്ല. ചിലർ ഇങ്ങനെ മനസ്സിലാക്കുന്നു ഞാൻ ബാബയുടെ കുട്ടിയായി മാറിയല്ലോ അതുമതി. പക്ഷേ സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. ബാബയെ ഓർമ്മിക്കാതെ എന്തെങ്കിലും ജോലി ചെയ്യുകയാണെങ്കിൽ അതും ബാബയെ ഓർമ്മിക്കാത്തതിനു സമാനമാണ്. ബാബയുടെ ഓർമ്മയിൽ സദാ സന്തോഷത്തോടെയിരിക്കണം. ഓർമ്മയിലിരിക്കുന്നവർ സദാ രമണീകമായിരിക്കും സദാ സന്തുഷ്ടരായിരിക്കും. മറ്റുള്ളവർക്കും വളരെയധികം സന്തോഷത്തോടെയും രമണീകതയോടെയും മനസ്സിലാക്കി കൊടുക്കും. സേവനത്തിന്റെ വളരെയധികം ലഹരിയുള്ള കുറച്ചുപേർ മാത്രമേയുള്ളൂ. ചിത്രങ്ങൾക്കുമേൽ മനസ്സിലാക്കി കൊടുക്കാൻ വളരെ എളുപ്പമാണ്. ഇത് ഉയർന്നതിലും ഉയർന്ന ഭഗവാനാണ് പിന്നീട് അവരുടെ രചന നമ്മൾ എല്ലാ ആത്മാക്കളും സഹോദരങ്ങളാണ്. സാഹോദര്യബന്ധമാണ്. മറ്റുള്ളവർ എല്ലാവരും അച്ഛന്മാരാണെന്നു പറഞ്ഞു(സർവ്വവ്യാപി). ആദ്യം ശിവബാബയുടെ ചിത്രത്തിനുമേൽ മനസ്സിലാക്കി കൊടുക്കണം. ഇതാണ് എല്ലാ ആത്മാക്കളുടെയും അച്ഛൻ പരമപിതാവായ പരമാത്മാവ്. നിരാകാരൻ. നമ്മൾ ആത്മാക്കളും നിരാകാരികളാണ്. ഭൃകുഡിമദ്ധ്യത്തിലാണ് വസിക്കുന്നത്. ശിവബാബയും നക്ഷത്രമാണ് പക്ഷേ നക്ഷത്രത്തിനെ എങ്ങിനെ പൂജിക്കാൻ സാധിക്കും അതുകൊണ്ടാണ് വലുത് ഉണ്ടാക്കുന്നത്. ബാക്കി ആത്മാക്കൾ 84 ലക്ഷം ജന്മങ്ങളൊന്നും തന്നെ എടുക്കുന്നില്ല. ബാബ മനസ്സിലാക്കി തരുന്നു ആത്മാക്കൾ ആദ്യം അശരീരിയായാണ് വരുന്നത് പിന്നീട് ശരീരം ധാരണ ചെയ്ത് പാർട്ട് അഭിനയിക്കുന്നു. സതോപ്രധാന ആത്മാവ് പുനർജന്മങ്ങളെടുത്ത് കലിയുഗത്തിലേക്ക് വന്നിരിക്കുകയാണ്. ഇതിനുശേഷം വരുന്നവർ ഒരിക്കലും 84 ജന്മങ്ങൾ എടുക്കില്ല. എല്ലാവർക്കും 84 ജന്മങ്ങൾ എടുക്കാൻ സാധിക്കില്ല. ആത്മാവ് തന്നെയാണ് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നത്. നാമം രൂപം ദേശം കാലം എല്ലാം തന്നെ മാറുന്നു. ഇതുപോലെ പ്രഭാഷണം ചെയ്യണം. ഇതിനെയാണ് സ്വയം തിരിച്ചറിയുക എന്നു പറയുന്നത്. പക്ഷേ ഇത് ആരാണ് ചെയ്യിപ്പിക്കുന്നത്? ആത്മാ സൊ പരമാത്മാവെന്നു പറയുന്നത് സ്വയത്തെ തിരിച്ചറിയലാണോ? ഇത് പുതിയ ജ്ഞാനമാണ്. ജ്ഞാനസാഗരൻ, പതിതപാവനൻ, സർവ്വരുടെയും സദ്ഗതിദാതാവായ ബാബയാണ് മനസ്സിലാക്കിത്തരുന്നത്. പിന്നീട് ബാബയെക്കുറിച്ചുള്ള വളരെ നല്ല മഹിമ പാടൂ. ആത്മാവിന്റെ പരിചയം നൽകി ഇപ്പോൾ പരമാത്മാവിന്റെയാണ് നൽകുന്നത്. അവരെ സർവ്വാത്മാക്കളുടെയും അച്ഛൻ എന്നാണ് പറയുന്നത്. അവർക്ക് ചെറുതോ വലുതോ ആയിത്തീരാൻ സാധിക്കില്ല. പരമപിതാവായ പരമാത്മാവാണ് ഏറ്റവും ഉയർന്നത്. ഉയർന്നതിലും ഉയർന്ന സ്ഥാനത്തിരിക്കുന്ന ആത്മാവ്. അവർ പുനർജന്മത്തിലേക്ക് വരുന്നില്ല അതുകൊണ്ട് അവരെ പരമപിതാവെന്നു പറയുന്നു. ഇത്രയ്ക്കും ചെറിയ ആത്മാവിലാണ് പാർട്ട് അടങ്ങിയിരിക്കുന്നത്. പതിതപാവനൻ എന്നും അവരെയാണ് പറയുന്നത്. അവരുടെ പേര് എപ്പോഴും ശിവബാബയാണ്. രുദ്രബാബ എന്നല്ല. ഭക്തിമാർഗ്ഗത്തിൽ അനേക പേരുകളാണ് പറയുന്നത്. അവരെ എല്ലാവരും ഓർമ്മിക്കുന്നു പതിതപാവനാ വന്ന് പാവനമാക്കിമാറ്റൂ. അപ്പോൾ തീർച്ചയായും വരേണ്ടി വരുന്നു. എപ്പോഴാണോ ഒരേയൊരു ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നത് അപ്പോഴാണ് അവർ വരുന്നത്. ആദിസനാതനാദേവീദേവതാധർമ്മം. ഇപ്പോൾ കലിയുഗമാണ്, ധാരാളം മനുഷ്യരുണ്ട്. സത്യയുഗത്തിൽ വളരെ കുറച്ച് മനുഷ്യരെയുള്ളൂ. ഇങ്ങനെയൊരു മഹിമയുണ്ട് ബ്രഹ്മാവിലൂടെ സ്ഥപന, വിഷ്ണുവിലൂടെ പാലന, ശങ്കരനിലൂടെ വിനാശമെന്ന്..... ഗീതയിലൂടെത്തന്നെയാണ് ആദിസനാതനാ ദേവീദേവതാധർമ്മത്തിന്റെ സ്ഥാനയുണ്ടായത്. എന്നാലും അതിൽ തെറ്റായി കൃഷ്ണന്റെ പേരിട്ടു. പക്ഷേ കൃഷ്ണൻ പുനർജന്മത്തിലേക്ക് വരുന്നുണ്ട്. ഞാൻ പുനർജന്മ രഹിതനാണ്. ഇപ്പോൾ തീരുമാനിക്കൂ, പരമപിതാവായ പരമാത്മാവ് ശിവനാണോ അതോ ശ്രീകൃഷ്ണനാണോ? ഗീതയുടെ ഭഗവാൻ ആരാണ്? ഭഗവാൻ എന്ന് ഒരാളെയാണ് പറയുന്നത്. അഥവാ ഈ കാര്യങ്ങളെയൊന്നും ചിലർ അംഗീകരിക്കുന്നില്ലെങ്കിൽ മനസ്സിലാക്കണം ഇവർ നമ്മുടെ ധർമ്മത്തിലല്ലെന്ന്. സത്യയുഗത്തിലേക്കു വരുന്നവർ പെട്ടെന്നുതന്നെ അംഗീകരിക്കും പുരുഷാർത്ഥത്തിൽ മുഴുകും. മുഖ്യമായ കാര്യം തന്നെ ഇതാണ്. ഇതിലാണ് നിങ്ങളുടെ വിജയം. പക്ഷേ എത്രത്തോളം ദേഹിഅഭിമാനി അവസ്ഥയുണ്ടെന്ന് നോക്കണം? പരസ്പരം നാമരൂപത്തിൽ കുടുങ്ങിയിട്ടുണ്ടോ? ഭക്തിമാർഗ്ഗത്തിൽ പറഞ്ഞിരുന്നു ഏറ്റവും ഉപരിയിലുള്ള ബ്രഹ്മലോകത്തിൽ വസിക്കുന്ന പരമാത്മാവിനെക്കുറിച്ചുള്ള ചിന്തയുണ്ടായിരുന്നു എന്ന്, ബാക്കി ആരെ ഭയക്കാനാണ്? വളരെയധികം ധൈര്യം ആവശ്യമാണ്. പ്രഭാഷണം ചെയ്യുന്നവർക്ക് ആത്മ ജ്ഞാനം വളരെയധികം ലഹരിയോടെ നൽകണം. പിന്നീട് പരമാത്മാവ് എന്ന് ആരെയാണ് പറയുന്നത് എന്നതിനെക്കുറിച്ചും മനസ്സിലാക്കി കൊടുക്ക

ണം. ബാബയുടെ മഹിമയാണ് സ്നേഹത്തിന്റെ സാഗരൻ, ജ്ഞാനത്തിന്റെ സാഗരൻ.... അതുപോലെത്തന്നെയാണ് കുട്ടികളുടെയും മഹിമ. ആരോടെങ്കിലും ദേഷ്യപ്പെടുക  അർത്ഥം നിയമത്തെ കയ്യിലെടുക്കുകയാണ്. ബാബ എത്ര മധുരമാണ്. കുട്ടികൾ ഏതെങ്കിലും കാര്യം ചെയ്യുന്നില്ലെങ്കിലും ബാബ ദേഷ്യപ്പെടില്ല. വളരെയധികം മധുരമായിത്തീരണം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യ സാരം:-

1) തന്റെ എല്ലാ സാധനങ്ങളും ട്രാൻസ്ഫർ ചെയ്ത് വളരെയധികം സന്തോഷത്തോടെയും ലഹരിയോടെയുമിരിക്കണം. മമ്മാ-ബാബയ്ക്കു സമാനം സിംഹാസനധാരിയായിത്തീരണം. ഉള്ളുകൊണ്ട് ബാബയുടെ ഓർമ്മയിലിരിക്കണം.

2) ആരെയെങ്കിലും ഭയപ്പെട്ട് പഠിപ്പ് ഒരിക്കലും ഉപേക്ഷിക്കരുത്. ഓർമ്മയിലൂടെ തന്റെ കർമ്മ ബന്ധത്തെ കുറയ്ക്കണം. ഒരിക്കലും ക്രോധത്തിലേക്കു വന്ന് നിയമത്തെ കൈയ്യിലെടുക്കരുത്. ഏതൊരു സേവനത്തിലും പറ്റില്ല എന്നു പറയരുത്.

## വരദാനം:- രാജകീയതയും ലാളിത്യവും രണ്ടിന്റേയും സന്തുലനത്തിലൂടെ കാര്യം ചെയ്യുന്ന ബ്രഹ്മാബാബയ്ക്ക് സമാനമായി ഭവിക്കൂ

ഏതുപോലെയാണോ ബ്രഹ്മാബാബ സാധാരണമായി കഴിഞ്ഞത്, വളരെ ഉയർന്നതുമല്ല വളരെ താഴ്ന്നതുമല്ല. ബ്രാഹ്മണരുടെ ആദി മുതൽ ഇപ്പോൾ വരേയ്ക്കുമുള്ള നിയമമാണ് തീർത്തും സാധാരണമായിരിക്കണം, വളരെ രാജകീയമായിരിക്കരുത്. മദ്ധ്യമത്തിലായിരിക്കണം. ഇപ്പോൾ സാധനങ്ങൾ ധാരാളമുണ്ട്, സാധനം നൽകുന്നവരുമുണ്ട് എങ്കിലും ഏതൊരു കാര്യം ചെയ്യുകയാണെങ്കിലും മദ്ധ്യമത്തിൽ ചെയ്യൂ. ഇങ്ങനെ ആരും പറയരുത് ഇവിടെ വളരെ രാകീയ ആർഭാടമായിരിക്കുന്നു. എത്രത്തോളം ലളിതം അത്രയും രാജകീയം- രണ്ടിന്റേയും സന്തുലനമുണ്ടായിരിക്കണം.

## സ്ലോഗൻ:- മറ്റുള്ളവരെ നോക്കുന്നതിന് പകരം സ്വയത്തെ നോക്കൂ ഒപ്പം ഓർമ്മ വയ്ക്കൂ - "എന്ത് കർമ്മം ഞാൻ ചെയ്യുന്നോ എന്നെ നോക്കി മറ്റുള്ളവരും ചെയ്യും".

**അവ്യക്ത സൈലൻസിലൂടെ ഡബിൾ ലൈറ്റ് ഫരിസ്താ സ്ഥിതിയുടെ അനുഭവം ചെയ്യൂ**

ഇപ്പോൾ താങ്കളുടെ എല്ലാ വ്യവഹാരവും ശ്രേഷ്ഠ സങ്കൽപത്തിലൂടെ സൂചനകളിലൂടെ നടക്കണം. ഇങ്ങനെ ലൈറ്റ് രൂപത്തിൽ കഴിയൂ അതിലൂടെ വ്യർത്ഥ സങ്കൽപവും, വ്യർത്ഥ സമയവും സമാപ്തമാകണം, എന്താണോ നടക്കേണ്ടത് ആ സങ്കൽപം ചെയ്യൂ ആർക്കാണോ ചെയ്യേണ്ടത് അവരുടെ ബുദ്ധിയിലും അതേ സങ്കൽപം വരണം ഇന്നത് ചെയ്യണം, അപ്പോൾ ഈ സാകാര വതനം സൂക്ഷ്മവതനമാകും.